LIBRARY ARCHIVES Kerala Legislative Assembly

കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരം

71. [71] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കവർച്ച, മോഷണം, പിടിച്ചുപറി, ബലാൽസംഗം, പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ കുറ്റകൃത്യങ്ങളിലുമായി സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ ഇനങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമായി വിവിധ സ്റ്റേഷനുകളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവ ഏതൊക്കെ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽപ്പെടുന്നു വിശദമാക്കുമോ;

(ഡി) 2001 മെയ് മുതൽ 2006 ജനുവരിവരെ സംസ്ഥാനത്ത് പെൺവാണിഭവും സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകളിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) പോലീസുകാർ പ്രതിയായി രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണെന്നും, ഇവരുടെ പേരിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

അങ്കമാലി സുലോചനാ വധക്കേസ്സിന്റെ അന്വേഷണം

72. [72] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അങ്കമാലി സുലോചനാ വധക്കേസിന്റെ അന്വേഷണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസ്സിലെ അന്വേഷണത്തെക്കുറിച്ച് വ്യാപകമായ പരാതിയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ മതിലകം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ശങ്കര ബസ്സാർ എന്ന സ്ഥലത്ത് താമസമുള്ള സുലോചന (65/05) എന്ന സ്ത്രീയുടെ വധവുമായി ബന്ധപ്പെട്ട് മതിലകം പോലീസ് സ്റ്റേഷൻ ക്രൈം 450/05 യു./എസ്. 449, 302 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളെ സംബന്ധിച്ച് വിവിധ ശാസ്ത്രീയ രീതികളിൽ അന്വേഷണം നടത്തിയിട്ടും ഇതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല.

(ബി, സി) സുലോചന വധക്കേസിലെ പ്രതികളെ എത്രയും വേഗം പിടികൂടണമെന്ന് ആവശ്യപ്പെട്ട് തദ്ദേശ വാസികൾ ഒരു ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും പ്രസ്തുത ആക്ഷൻ കൗൺസിലിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ടി കേസ് തൃശ്ശൂർ റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ നിർദ്ദേശാനുസരണം കുന്നംകുളം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തിവരുന്നു.

തൃക്കാക്കര വില്ലേജിലെ ഷഹീദയുടെ മരണം

73. [73] ശ്രീ. സാജുപോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കണയന്നൂർ താലൂക്ക്, തൃക്കാക്കര വില്ലേജ്, വാഴക്കാല, ഓലിക്കുഴി കുരുവിക്കോട് പറമ്പിൽ വീട്ടിൽ അബ്ദുൾ സമദിന്റെ മകൾ ഷഹീദ 26-12-2005-ന് ഭർതൃഗൃഹത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(സി) ഇതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്ത്രീധന പീഡനമരണമാണെന്നതു കണക്കിലെടുത്ത് അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പരാതിയിന്മേൽ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നം. 405/05 യു./എസ്. 498 (എ), 304 (ബി) ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly